## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2023 ഫെബ്രുവരി 02, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

7 (*31) കടമെടുപ്പിന് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, സർക്കാരിന്റെ കീഴിലുള്ള പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളെടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് കേന്ദ്രം കടമെടുപ്പ് പരിധി കുറയ്ക്കുന്നതും എല്ലാ സംസ്ഥാനങ്ങൾക്കും അനുവദിച്ചിരുന്ന പരിധി 5 ശതമാനത്തിൽ നിന്നും 3 ശതമാനമാക്കുന്നതും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുമെന്ന് സഭയെ അറിയിച്ചു. ധനകാര്യ കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയുടെ

അടിസ്ഥാനത്തിലാണ് സംസ്ഥാന ബഡ്ജറ്റ് തയ്യാറാക്കുന്നത്. ബഡ്ജറ്റ് പാസ്സാക്കിയതിനുശേഷം കടമെടുപ്പ് പരിധിയിൽ വരുത്തുന്ന കുറവ് വികസന പ്രവർത്തനങ്ങൾക്ക് തടസം സൃഷ്ടിക്കുന്നതാണ്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പലിശരഹിത വായ്പ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടെന്നും വായ്പാത്തുക അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചുവരുന്നുണ്ടെന്നും നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും ചെലവ് ചുരുക്കിയും വിഭവസമാഹരണത്തിനുള്ള ശ്രമം നടത്തിവരുന്നതായും വ്യക്തമാക്കി. നടപ്പുസാമ്പത്തികവർഷം 31-01-2023 വരെ പദ്ധതിയിനത്തിൽ 17310.37 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും നികുതി പിരിച്ചെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഊർജ്ജിത ശ്രമം നടത്തണമെന്നും വിനോദനികുതിയും പരസ്യനികുതിയും ജി.എസ്.ടി.യിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കുമെന്നും മന്ത്രി അറിയിച്ചു. സഹകരണ മേഖലയിലെ സർപ്ലസ് ഫണ്ട് പൊതു വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണെന്നും സാമൂഹ്യക്ഷേമ പെൻഷൻ മുടക്കമില്ലാതെ വിതരണം ചെയ്യുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

8 (*32) <u>സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, സഹകരണ ബാങ്കുകളെയും മറ്റ് സഹകരണ പ്രസ്ഥാനങ്ങളെയും കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനായി സർക്കാരിന്റെ മൂന്നാം നൂറുദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി വിവിധ നവീന പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കുമെന്നും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ്, സഹകരണ ആഡിറ്റ് എന്നീ വിഷയങ്ങളിൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതാണെന്നും സഹകരണ സംഘങ്ങളുടെ വളർച്ചയ്ക്കനുയോജ്യമായ സമഗ്ര നിയമഭേദഗതി കൊണ്ടുവരുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. കേരള ബാങ്കിലും പ്രാഥമിക സഹകരണ സംഘങ്ങളിലും ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനും ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രതിസന്ധിയിലാകുന്ന സഹകരണ സംഘങ്ങളെ സഹായിക്കാൻ സഹകരണ സംരക്ഷണ നിധിക്ക് രൂപം നൽകിയിട്ടുണ്ടെന്നും വ്യാപാരികൾക്ക് ദീർഘകാലയളവിൽ കേരള ബാങ്ക് മുഖേന വായ്പ അനുവദിക്കുന്നുണ്ടെന്നും വായ്പ കുടിശിക ഒഴിവാക്കുന്നതിനുള്ള

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മാർച്ച് 31 വരെ നീട്ടിയിട്ടുണ്ടെന്നും ഉന്നതവിദ്യാഭ്യാസ-ടൂറിസം രംഗങ്ങളിൽ സഹകരണ മേഖലയുടെ നിക്ഷേപം തുടരുമെന്നും കർഷക സഹായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ടെന്നും അക്ഷരമ്യൂസിയം പദ്ധതിയുടെ ആദ്യഘട്ടം സെപ്തംബറിൽ ഉദ്ഘാടനം ചെയ്യുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

9 (*33) <u>സംസ്ഥാനത്തിന്റെ പൊതു കടം</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധത്തിലുള്ള സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ടെന്നും ഈ സാഹചര്യത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകൾ പരമാവധി വർദ്ധിപ്പിച്ച് അടിസ്ഥാന സൗകര്യ വികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്താനാണ് സർക്കാർ ശ്രമിക്കുന്നതെന്നും സഭയെ അറിയിച്ചു. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ ആകെ കടത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള ധനസൂചകങ്ങളിൽ/ലക്ഷ്യങ്ങളിൽ ഊന്നിയാണ് സംസ്ഥാനം

മുന്നോട്ടുപോകുന്നത്. നികുതി-നികുതിയേതര വരുമാനം ഉയർത്തി ധനകമ്മിയും കടവും മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ പരിധിയിൽ നിർത്തി കടമെടുക്കുന്ന തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനും പരമാവധി വിഭവ സമാഹരണത്തിനും നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മൂലധന ചെലവുകൾക്കായി കൂടുതൽ തുക നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും കിഫ്ബി നിക്ഷേപം അടിസ്ഥാനസൗകര്യ മേഖലയെ ചലനാത്മകമാക്കുമെന്നും നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനായി നിരവധി പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരികയാണെന്നും മന്ത്രി വ്യക്തമാക്കി. നികുതി ചോർച്ച തടയുന്നതിന് ടാക്സ്പെയർ സർവ്വീസസ്, ആഡിറ്റ്, ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടെന്നും നികുതി വെട്ടിപ്പിനെതിരെ കർശന നടപടി സ്വീകരിക്കുമെന്നും സെസ് ഇനത്തിൽ സ്വരൂപിക്കുന്ന തുകയുടെ വിഹിതം സംസ്ഥാനങ്ങൾക്ക് നൽകണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമെന്നും ഡെബ്റ്റ് സ്വാപ് സ്കീം നടപ്പിലാക്കുന്നതിനായി സാങ്കേതികവശങ്ങൾ പരിശോധിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

10 (*34) <u>സഹകരണ പ്രസ്ഥാനത്തിന്റെ ശാക്തീകരണം</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, സഹകരണ പ്രസ്ഥാനത്തിന്റെ ശാക്തീകരണത്തിലൂടെ സുസ്ഥിര വികസനം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനായി 'സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി'ക്ക് 22.50 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും 'ഒരു ജില്ലയ്ക്ക് ഒരു വിള' എന്ന രീതിയിൽ ഏഴ് ജില്ലകളിൽ 500 ഏക്കറിൽ സഹകരണ സംഘങ്ങൾ മുഖേന തരിശുഭൂമി കൃഷി നടപ്പിലാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യുയർമെന്റ് പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും (PAPCOS) നെൽകൃഷി വ്യാപിപ്പിക്കുന്നതിന് കേരള പാഡി പ്രൊക്യുയർമെന്റ് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും രൂപീകരിച്ചിട്ടുണ്ട്. ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് കോട്ടയം ആസ്ഥാനമായി ഒരു സംഘം രൂപീകരിക്കുന്നതാണെന്നും ശുചിത്വ കേരളം എന്ന ലക്ഷ്യം കൈവരിക്കാൻ

ഇ-മാലിന്യങ്ങൾ, ജൈവ-അജൈവ മാലിന്യം എന്നിവയുടെ ശേഖരണത്തിനും സംസ്കരണത്തിനുമായി സംരംഭങ്ങൾ തുടങ്ങുന്നതിന് കോട്ടയം ജില്ലയിൽ ഇ-നാട് സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സഹകരണ സംഘങ്ങൾ മുഖാന്തരം ആരംഭിച്ചിട്ടുള്ള വ്യവസായ പാർക്കുകളുടെ പുരോഗതി വിലയിരുത്തുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്കായി തുക വകയിരുത്തുകയും ചെയ്തിട്ടുണ്ടെന്നും പുതുതായി ആരംഭിച്ച 30 യുവ സഹകരണ സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനത്തിന് തുക അനുവദിക്കുന്നതിനും ഗവേഷണ സ്ഥാപനങ്ങൾ, പ്രമുഖ ദേശീയ/അന്തർദേശീയ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യുവ സാങ്കേതിക വിദഗ്ദ്ധർ, പ്രൊഫഷണലുകൾ എന്നിവരെ ഉൾപ്പെടുത്തി സഹകരണ സംഘം രൂപീകരിക്കുന്നതിനും അസംഘടിതരായ ഗിഗ്/ഓൺലൈൻ പ്ലാറ്റ്ഫോം ജീവനക്കാരുടെ സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചു. 2023-ൽ സഹകരണ എക്സ്പോ നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും കേരള ബാങ്കിൽ എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിവരുന്നുവെന്നും

സഹകരണ മേഖലയുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ സമയോചിതമായി പരിഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നും പൊക്കാളി കർഷകരുടെ സംരക്ഷണത്തിന് കൺസോർഷ്യം രൂപീകരിക്കാൻ സർക്കാർ സന്നദ്ധമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

11 (*35) <u>എല്ലാ പഞ്ചായത്തുകളിലും കോ-ഓപ്പ് മാർട്ടുകൾ</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, എല്ലാ ജില്ലകളിലും പൈലറ്റടിസ്ഥാനത്തിൽ കോ-ഓപ്പ് മാർട്ടുകൾ ആരംഭിച്ചിട്ടുണ്ടെന്നും 200 പുതിയ കോ-ഓപ്പ് മാർട്ടുകൾ ആരംഭിക്കുന്നതിന് സന്നദ്ധതയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ തെരഞ്ഞെടുത്ത് മുഴുവൻ പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിലൂടെ വിപണിയിൽ സജീവമാക്കുന്നതിന് 'ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടെന്നും അതിന്റെ ഭാഗമായി കയറ്റുമതി കേന്ദ്രം ആരംഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണെന്നും കേരളത്തിന്റെ തനത്/മൂല്യവർദ്ധിത ഉല്പന്നങ്ങൾ മറ്റ് സംസ്ഥാനങ്ങളിലെത്തിക്കുന്നതിനായി ബിസിനസ്സ് മീറ്റ്

സംഘടിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തോട്ടം മേഖലയിലെ ഉൽപ്പന്നങ്ങൾ സംഭരിച്ച് കയറ്റുമതി ചെയ്യുന്ന കാര്യം ആലോചിക്കുന്നതാണെന്നും സഹകരണ മേഖലയിൽ നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്നിവ സമാരംഭിക്കുമ്പോൾ സപ്ലൈകോയുമായി ചേർന്ന് മാർക്കറ്റിംഗ് നടപ്പിലാക്കുന്നതുസംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും കേരള ബാങ്കിലും പ്രാഥമിക സഹകരണ സംഘങ്ങളിലും ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വായ്പാ കുടിശ്ശിക ഒഴിവാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മാർച്ച് 31 വരെ നീട്ടിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി അറിയിച്ചു.

12 (*36) <u>കേന്ദ്ര സർക്കാരിന്റെ വൈദ്യുതി ചട്ടം ഭേദഗതി</u>

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, 2022-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വൈദ്യുതി ഭേദഗതി ചട്ടങ്ങൾ പ്രകാരം വിതരണ ലൈസൻസികളുടെ വൈദ്യുതി വാങ്ങൽ ചെലവുകൾ സമയബന്ധിതമായി വീണ്ടെടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നതനുസരിച്ച് ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുല പ്രകാരം പ്രതിമാസം കണക്കാക്കി

ഉപഭോക്താക്കളിൽനിന്നും വൈദ്യുതി നിരക്കിൽ ഉൾപ്പെടുത്തി ഈടാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതെന്ന് സഭയെ അറിയിച്ചു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ Fuel and Power Purchase Adjustment Surcharge (FPPAS) നിർണ്ണയിക്കുന്നതുവരെ വൈദ്യുതി (ഭേദഗതി) ചട്ടത്തിന്റെ അനുബന്ധമായ ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള ഫോർമുലയും മെത്തഡോളജിയും ബാധകമാണെന്നും ഒരു സാമ്പത്തിക വർഷം കഴിയുമ്പോൾ ജൂൺ 30-ന് മുമ്പായി ട്രൂ-ആപ്പിലൂടെ കണക്കുകൾ പരിശോധിച്ച് തീർപ്പാക്കേണ്ടതാണെന്നും വാർഷിക അടിസ്ഥാനത്തിൽ മാത്രം റെഗുലേറ്ററി കമ്മീഷൻ സൂക്ഷ്മപരിശോധന നടത്തുന്നത് ഉപഭോക്താവിനെ ദോഷകരമായി ബാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. അടിക്കടിയുണ്ടാകുന്ന വൈദ്യുതി നിരക്ക് മാറ്റം വാണിജ്യ-വ്യാവസായിക ഉപഭോക്താക്കൾക്ക് പ്രതിസന്ധിയുണ്ടാക്കുമെന്നും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിഘാതം സൃഷ്ടിക്കുമെന്നും അധിക ബാധ്യത മുന്നിൽക്കണ്ട് വില നിശ്ചയിച്ചാൽ ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിനും ജീവിതച്ചെലവ് വർദ്ധിക്കാനും ഇടയാക്കുമെന്നും അറിയിച്ചു. സഹകരണ വകുപ്പുമായി സഹകരിച്ച് 'പുരപ്പുറ സൗരോർജ്ജ പദ്ധതി' നടപ്പാക്കുന്നതാണെന്നും ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗത്തിനായി

നിയോജക മണ്ഡലാടിസ്ഥാനത്തിൽ അഞ്ച് ചാർജിംഗ് സ്റ്റേഷനുകൾ വീതം അനുവദിച്ചിട്ടുണ്ടെന്നും ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

13 (*37) <u>കൂടുതൽ വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ</u>

വൈദ്യുതി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സർക്കാർ ധനസഹായത്തോടെ സംസ്ഥാനതലത്തിൽ 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെയും നിയോജക മണ്ഡലാടിസ്ഥാനത്തിൽ 1166 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ചാർജിംഗ് ശൃംഖല സ്ഥാപിക്കാനുള്ള ചുമതല കെ.എസ്.ഇ.ബി.എൽ.-നാണെന്നും വെയിലും മഴയും ഏൽക്കാതെ ചാർജ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ സജ്ജീകരിച്ചുവരുന്നതായും സൗകര്യപ്രദമായ ചാർജിംഗിനായി മൊബൈൽ ആപ്പ് വികസിപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സ്വകാര്യ ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, മാളുകൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്ക് മെഷീൻ വിലയുടെ 25% സബ്സിഡിയായി അനെർട്ട് മുഖേന നൽകിവരുന്നുണ്ട്.

സ്വകാര്യ സംരംഭകരെ ആകർഷിച്ച് കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നുണ്ടെന്നും സൗരോർജ്ജ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് ഡി.സി. ഫാസ്റ്റ് ചാർജിംഗ് മെഷീൻ വിലയുടെ 25 ശതമാനവും സൗരോർജ്ജ സംവിധാനമൊരുക്കിയാൽ കിലോ വാട്ടിന് 20,000/- രൂപ നിരക്കിൽ 50 കിലോ വാട്ടിന് പരമാവധി പത്ത് ലക്ഷം രൂപയും സബ്സിഡിയായി സർക്കാർ നൽകിവരുന്നുണ്ടെന്നും വ്യക്തമാക്കി. നിയമസഭാ സാമാജികരിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി ആർ.ഡി.എസ്.എസ്. (Revamped Distribution Sector Scheme) നടപ്പിലാക്കുമെന്നും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാർക്കിടയിലുള്ള ആശങ്ക പരിഹരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.